ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി)&(സി) സർക്കാരിന്റെ പുതിയ പവർ പോളിസി നടപ്പിലാക്കിക്കഴിയുന്ന മുറയ്ക്ക് പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

166 (1710) പുനലൂരിൽ വൈദ്യുതിഭവൻ നിർമ്മിക്കാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ഉൾപ്പെടെ പല ഇലക്ട്രിസിറ്റി ആഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആഫീസുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സ്ഥലം കെ.എസ്.ഇ.ബി. യ്ക്ക് സ്വന്തമായി ഉള്ളപ്പോൾ കെട്ടിടങ്ങൾ ഇല്ലാത്തതുമൂലം പ്രതിമാസം എത്ര രൂപയാണ് വാടക ഇനത്തിൽ നൽകുന്നത്;

(സി) പുനലൂരിൽ ഒരു വൈദ്യുതിഭവൻ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഗണിച്ച് പുനലൂരിൽ ഒരു വൈദ്യുതിഭവൻ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂരിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസും, ബില്ലിംഗ് സൂപ്പർവിഷൻ യൂണിറ്റും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിന് 10,000 രൂപയും ബില്ലിംഗ് സൂപ്പർ ഡിവിഷൻ യൂണിറ്റിന് 2500 രൂപയും പ്രതിമാസം വാടക നൽകുന്നുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ കെട്ടിടങ്ങൾ ഹഡ്കോയിൽനിന്നും ലോൺ എടുത്ത് നിർമ്മിക്കാനുള്ള പദ്ധതിയിൽ പുനലൂരിൽ വൈദ്യുതി ഭവൻ നിർമ്മിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

167 (1711) അഞ്ചൽ സബ്സ്റ്റേഷന്റെ നിർമ്മാണം

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പുനലൂർ ഡിവിഷനിൽപ്പെട്ട അഞ്ചലിൽ 33 കെ.വി. സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനം ആയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly